**കേരള സർക്കാർ**

**സംഗ്രഹം**

45844

**എസ്.ഐ.യു.സി നാടാർ ക്രിസ്ത്യൻ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

**സ. ഉ (എം.എസ്) നമ്പർ. 25/2014/പിസവിവ. തീയതി, തിരുവനന്തപുരം, 01/11/2014**

---

**പരാമർശം : 30.08.2013-ലെ സ.ഉ(എം.എസ്) നം.09/2013/പിസവിവ**

OFFICE OF THE COMMISSIONER OF LAND REVENUE RECEIVED 11 NOV 2014 THIRUVANANTHAPURAM

**ഉത്തരവ്**

A6

എസ്.ഐ.യു.സി നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവ് നിലവിൽ SIUC വിഭാഗത്തിൽപ്പെടുന്നയാളാണെന്നും ഗുണഭോക്താവും ടിയാന്റെ പിതാവും 27.09.1947-ന് മുമ്പ് SIUC വിഭാഗത്തിൽ ഉൾപ്പെട്ടിരുന്നവരുമാണെന്ന് SIUC നാടാർ ക്രിസ്ത്യൻ സമുദായത്തിന്റെ ബിഷപ്പ് (CSI) നൽകുന്ന സർട്ടിഫിക്കറ്റ് മാത്രമേ റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ രേഖയായി പരിഗണിക്കുകയുള്ളൂവെന്നും പരാമർശപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 27.09.1947 എന്ന കാലയളവ് ഒഴിവാക്കിക്കൊണ്ട് CSI ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് പരിഗണിച്ച് SIUC നാടാർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന നിവേദനം സർക്കാരിന് ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. SIUC നാടാർ ക്രിസ്ത്യൻ വിഭാഗത്തിന് നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും SIUC നാടാർ സമുദായാംഗങ്ങളാണെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിച്ച് ടി രേഖയുടെയും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ SIUC നാടാർ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരം വില്ലേജ് ആഫീസർ നൽകുന്ന ജാതിസർട്ടിഫിക്കറ്റിനെതിരെ വരുന്ന പരാതികളിൽ 6 മാസത്തിനുള്ളിൽ റവന്യൂ അധികാരികൾ വിശദമായ അന്വേഷണം നടത്തി മതിയായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമാണെന്ന് , കണ്ടാൽ നേരത്തെ നൽകിയ ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യാവുന്നതുമാണ്. ഇപ്രകാരം ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതിന് എതിർപ്പില്ലെന്ന സത്യവാങ്മൂലം ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ഗുണഭോക്താവിൽ നിന്നും ബന്ധപ്പെട്ട വില്ലേജ്/റവന്യൂ അധികാരി വാങ്ങേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
**ഡോ. ആഷ തോമസ്**
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.